നം. എം. 4/15309/2015/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 02.03.2016.
ഫോൺ: 0471 - 258 0595; msndpi@gmail.com

# സർക്കുലർ

വിഷയം : പൊ.വി - കേരള മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷ 2016 - പരീക്ഷാകേന്ദ്രങ്ങളായി നിശ്ചയിച്ചിട്ടുള്ള സർക്കാർ/എയിഡഡ് സ്കൂളുകൾക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന : എൻട്രൻസ് കമ്മീഷണറുടെ 01.03.2016 ലെ 4900/2015/KEAM-2016/TA 1/Vennes നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2016 ഏപ്രിൽ 25 മുതൽ 28 വരെ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഈ വർഷത്തെ കേരള മെഡിക്കൽ എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷക്കു വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും മുൻ വർഷത്തേതു പോലെ പരീക്ഷാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരു പോലെ സൗകര്യപ്രദമായ സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും എന്നാൽ ഇവയിൽ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള ചില എയിഡഡ് സ്കൂൾ മാനേജ്മെന്റുകൾ പൊതുജന താൽപര്യം കണക്കിലെടുക്കാതെ നിസ്സാര കാരണങ്ങൾ ഉന്നയിച്ച് ഈ വർഷം പരീക്ഷാകേന്ദ്രങ്ങളായി ഈ സ്കൂളുകളെ ഉപയോഗപ്പെടുത്തുന്നതിന് സമ്മതം നൽകാതെ വിമുഖത കാട്ടുന്നതായും അറിയിച്ചിരിക്കുന്നു. എൻട്രൻസ് പരീക്ഷയ്ക്ക് പരീക്ഷാർത്ഥികൾക്ക് കൃത്യമായി എത്തിച്ചേരുവാനും മറ്റുമുള്ള സൗകര്യങ്ങൾ കണക്കിലെടുത്താണ് എല്ലാ പരീക്ഷാകേന്ദ്രങ്ങളും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷ സുഗമമായി നടത്തേണ്ടത് പൊതുവായും പ്രത്യേകിച്ച് വിദ്യാർത്ഥി സമൂഹത്തിന്റെയും ആവശ്യവുമാണ്.

ഈ സഹചര്യത്തിൽ കേരള മെഡിക്കൽ എൻജിനിയറിംഗ് എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ/എയിഡഡ് സ്കൂളുകളു ടെയും ഹെഡ്മാസ്റ്റർ, മാനേജർമാർ എന്നിവർ 2016 മെഡിക്കൽ എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി എൻട്രൻസ് കമ്മീഷണറേറ്റുമായി പൂർണ്ണമായി സഹകരിക്കണമെന്നും ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുവാനും നിർദ്ദേശിക്കുന്നു.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും ഉടനടി നൽകുവാനും പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെട്ട് യാതൊരു തർക്കങ്ങളും നിലനിൽക്കുന്നില്ല എന്ന് ഉറപ്പാക്കുവാനും നിർദ്ദേശിക്കുന്നു.

വി.എൽ. വിശ്വലത
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

പകർപ്പ് :

എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം. (അറിവിലേക്ക്)